**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **22-01-2021 - ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിലെ പിൻവാതിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പിൻവാതിൽ നിയമനത്തിന് നീക്കം നടക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സ്വകാര്യ കരാറുകാർ വഴി നിയമിക്കപ്പെട്ട ജീവനക്കാരെയാണോ സ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ബാധകമല്ല. |
| (സി) | ചാരായ നിരോധന കാലത്ത് തൊഴിൽരഹിതരായവരെയും ആശ്രിതരെയും അബ്കാരി ക്ഷേമനിധി ബോർഡിൻ കീഴിൽ ബിവറേജസ് കോർപ്പറേഷനിലേക്ക് നിയോഗിച്ചിരുന്നോ; | (സി) | ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടത് കാരണം ജീവത്യാഗം ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതരായ 266 പേരെ അബ്കാരി ക്ഷേമനിധി ബോർഡിന്റെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷനിൽ നിയമിച്ചിരുന്നു. കൂടാതെ ചാരായ തൊഴിലാളികളുടെ ആശ്രിതരായ 5 പേരെ വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി.യിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള രണ്ടായിരത്തോളം പേർ ഇപ്പോഴും കോർപ്പറേഷന്റെ ഭാഗമാകാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | നിലവിൽ ഇത്തരത്തിലുള്ള 1230 ജീവനക്കാർ കോർപ്പറേഷനിൽ ജോലി ചെയ്തു വരുന്നു. ടി ജീവനക്കാർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഏതെങ്കിലും അംഗീകൃത തസ്തികകളിൽ നിയമിക്കപ്പെട്ടവരല്ല മറ്റു ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടി ജീവനക്കാർക്കും നൽകുന്നുണ്ട്. |
| (ഇ) | ഇവരെയൊക്കെ തഴഞ്ഞാണ് യൂണിയൻ നേതാക്കൾക്കും മറ്റും താൽപ്പര്യമുള്ളവരെ ഇപ്പോൾ കോർപ്പറേഷനിൽ തിരുകികയറ്റിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ഇ) | നാളിതുവരെ ആർക്കും തന്നെ പിൻവാതിൽ വഴി നിയമനം നൽകിയിട്ടില്ല. |
| (എഫ്) | കഴിഞ്ഞ ഏതാനും മാസം മുൻപ് തൃശ്ശൂർ റീജിയണൽ ഓഫീസിൽ ഇതു സംബന്ധമായ | (എഫ്) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ സ്വീപ്പർ-കം-സ്കാവഞ്ചർ തസ്തികയിലേയ്ക്ക് നിയമനത്തിനായി ജില്ലാ എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | ഇന്റർവ്യൂ നടന്നിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | | ഓഫീസിൽ നിന്നും ലഭിച്ച ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി 15/10/2020ൽ തൃശ്ശൂർ റീജിയണൽ മാനേജരുടെ ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുകയുണ്ടായി. |
| (ജി) | വിധവകൾ, വികലാംഗർ, മറ്റു നിരാലംബർ എന്നിവർക്കൊക്കെ നിയമനത്തിന് മുൻഗണനയുണ്ടെങ്കിലും പരിഗണിക്കപ്പെടുന്നത് മറ്റു ഘടകങ്ങളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ പരിശോധിക്കുമോ; എങ്കിൽ നിയമനം സുതാര്യവും നിയമസാധുതയും ഉള്ളതാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വീപ്പർ നിയമനം യോഗ്യതയുടെ അടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടും തികച്ചും സുതാര്യമായാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ